പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4420 — 25.06.2019 ൽ മറുപടിക്ക്

## സെമി സ്പീഡ് റെയിൽപാത നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, എൻ. ഷംസുദ്ദീൻ<br>,, ടി. വി. ഇബ്രാഹിം<br>,, ടി.എ.അഹമ്മദ് കബീർ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള റെയിൽപാതയ്ക്കൊപ്പം സെമി സ്പീഡ് റെയിൽപാത നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠന റിപ്പോർട്ടിന്റെ കരട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ പ്രതീക്ഷിത ചെലവ് വ്യക്തമാക്കാമോ;<br><br>(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (എ) യും (ബി) യും (സി) യും തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും, സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേക്കായി "സിസ്ട്ര" എന്ന സ്ഥാപനത്തെ ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>56,442 കോടി രൂപ മതിപ്പ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ